

# വചനസുമം

# സെപ്റ്റംബർ 2017

# വചന വിചിന്തനങ്ങൾ

**സെപ്തംബർ 3 : തേജസ്കരണത്തിനു ശേഷം നാലാം ഞായർ**

**മർക്കോസ് 10:35–45**

ഡീക്കൻ റോബിൻ ഈട്ടിത്തടത്തിൽ ഒ.ഐ.സി.

**സെപ്തംബർ 10 : തേജസ്കരണത്തിനു ശേഷം അഞ്ചാം ഞായർ**

**ലൂക്കാ 18:18–30**

ബ്ര. സുജോ കോശി ഒ.ഐ.സി.

**സെപ്തംബർ 14 : സ്ലീബാപ്പെരുന്നാൾ**

യോഹ. 3:13–21

ഡീക്കൻ മനു വർഗ്ഗീസ് ഒ.ഐ.സി.

**സെപ്റ്റംബർ 17 : സ്ലീബായ്ക്കുശേഷം ഒന്നാം ഞായർ;**

**മർക്കോ 13:28–37**

ബ്ര. ടെന്നി മാത്യു ഒ.ഐ.സി.

**സെപ്റ്റംബർ 24 : സ്ലീബായ്ക്കുശേഷം രണ്ടാം ഞായർ**

**ലൂക്കാ 16:19–31**

ഡീക്കൻ മൈക്കിൾ ഒ.ഐ.സി.

# സെപ്തംബർ 3

## തേജസ്കരണത്തിനു ശേഷം നാലാം ഞായർ

മർക്കോസ് 10:35–45

ഡീക്കൻ റോബിൻ ഈട്ടിത്തടത്തിൽ ഒ.ഐ.സി.

വിശ്വപ്രസിദ്ധ ചിത്രകാരനായ ഡാവിഞ്ചിയുടെ യേശുവിന്റെ അന്ത്യ അത്താഴ ചിത്രത്തിന്റെ ആദിമ രൂപത്തെപ്പറ്റി ഒരു കഥയുണ്ട്. ചിത്രത്തിൽ ഒരു കാസാ കൂടി ഉണ്ടായിരുന്നത്രേ. വരച്ച് പൂർത്തിയാക്കി കൊണ്ടിരുന്ന ചിത്രത്തെപ്പറ്റി അദ്ദേഹം ഒരു സുഹൃത്തിനോട് അഭിപ്രായം ചോദിച്ചു. സുഹൃത്ത് പറഞ്ഞു ചിത്രം മനോഹരമായിരിക്കുന്നു. അതിലെ കാസാ തികച്ചും കമനീയം തന്നെ. ഉടനടി ഒരു ബ്രഷ് എടുത്ത് ഡാവിഞ്ചി ആ കാസാ തുടച്ചു കളഞ്ഞു പോലും. കാരണമാരാഞ്ഞ സ്നേഹിതനോട് അദ്ദേഹം പറഞ്ഞു: ഈ ചിത്രത്തിന്റെ മർമ്മം യേശുവാണ്. അതുകൊണ്ട് യേശുവിൽ താഴെയൊന്നും അതിലെ ആകർഷണ കേന്ദ്രമാകാൻ പാടില്ല.

എല്ലാ മനുഷ്യനിലും അന്തർലീനമായിരിക്കുന്ന അവസ്ഥാ വിശേഷമാണ് താനായിരിക്കുന്ന അവസ്ഥയെ മറികടന്ന് കൂടുതൽ മെച്ചമായതിനെ നേടിയെടുക്കുകയെന്നത്. ക്രൈസ്തവന്റെ യഥാർത്ഥ ലക്ഷ്യം എന്തായിരിക്കണമെന്നും അത് എങ്ങനെ നേടിയെടുക്കണമെന്നും ഇന്നത്തെ വചനഭാഗം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

രാഷ്ട്രീയ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത രക്ഷകനെ പ്രതീക്ഷിച്ചിരുന്നു. യേശുവാണ് ആ രക്ഷകൻ എന്ന ബോദ്ധ്യം അവരിൽ അനേകർക്കുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് സെബദീ പുത്രന്മാരുടെ അമ്മ തന്റെ മക്കളായ യാക്കോബിനേയും യോഹന്നാനേയും യേശു സ്ഥാപിക്കാനിരിക്കുന്ന രാജ്യത്തിൽ വലതു വശത്തും ഇടതുവശത്തും ഇരുത്തണമെന്ന അപേക്ഷയുമായി ക്രിസ്തുവിന്റെ അടുക്കൽ വരുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ (മർക്കോ. 10:35–45) നാം കാണുന്നത് യാക്കോബ് യോഹന്നാനും ഈ അപേക്ഷ നടത്തുന്നതാണ്. ഇവരോട് ഉത്തരമായി ക്രിസ്തു പറയുക തന്റെ പാനപാത്രം കുടിച്ചാൽ മാത്രമേ തന്നോടൊപ്പം ആയിരിക്കുവാൻ കഴിയുകയുള്ളു എന്നും, തന്റെ പിതാവാണ് സ്ഥാനങ്ങൾ നിർണ്ണയിക്കുന്നതെന്നുമാണ്. ശിഷ്യന്മാരുടെ സ്വപ്നങ്ങൾ ഭൗമീകസ്ഥാനമാനങ്ങളാണ് എന്ന് മനസ്സിലാക്കിയ യേശു അധികാരത്തിന്റെ യഥാർത്ഥ വീക്ഷണം അവരുമായി പങ്കുവയ്ക്കുന്നു. "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും, നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം." ഈ സംഭവം നടക്കുന്നത് ക്രിസ്തുവിന്റെ ഈ ലോക ജീവിതത്തിന്റെ അന്ത്യസമയങ്ങളിൽ, ജറുസലേം പ്രവേശനത്തിനു മുമ്പാണ്.

ക്രിസ്തുവിന്റെ വചനങ്ങൾ കേട്ടും അവനോടൊപ്പം ആയിരുന്നും അവനെ അനുഭവിച്ചും ജീവിച്ച ശിഷ്യന്മാർ തികച്ചും സാധാരണമായി ചിന്തിക്കുന്നതാണ് നമുക്ക് ഈ വചനഭാഗത്ത് കാണാൻ സാധിക്കുന്നത്. ഉയർന്ന ആത്മീയ ചിന്തകളിലേയ്ക്ക്, വിശാലമായ ചിന്താശൈലിയിലേക്ക് കടന്നു വരേണ്ട ശിഷ്യന്മാർ തീർത്തും സാധാരണമായ, ലൗകീക ചിന്തയിൽ തന്നെയാണ്

ജീവിക്കുന്നത്. phenomenology എന്ന തത്വശാസ്ത്ര ശാഖയുടെ പിതാവായ എഡ്മണ്ട് ഹുസ്സേൽ പറയുന്നത് ഇങ്ങനെയാണ്. "in order to focus our attention more effectively on the essence, we must bracket a number of factors which might tend to distract us from grasping the essence." (ഒരു വസ്തുവിന്റെ സത്തയെ മനസ്സിലാക്കണമെങ്കിൽ സത്തയെ ആവരണം ചെയ്തിരിക്കുന്ന സകലതിനേയും മാറ്റണം.) ശിഷ്യന്മാരുടെ പ്രതികരണത്തിന്റെ പൊരുൾ അവർക്കിതിന്ന് സാധിച്ചില്ല എന്നുള്ളതാണ്. ക്രൈസ്തവ ജീവിതത്തിന്റെ സത്ത എന്താണെന്ന് തിരുവചനം സ്പഷ്ടമായി പ്രതിപാദിക്കുന്നുണ്ട്. ജോബ് 19:21 പറയുന്നു: "എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ ഞാൻ ദൈവത്തെ കാണും." സകലത്തിലും ഉപരിയായി ദൈവത്തിൽ ആയിരിക്കുക എന്നതാണ് നമ്മുടെ വിളിയുടെ സാംരാശം. അതുകൊണ്ടാണ് മാർ ഈവാനിയോസ് പിതാവ് ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നത്. "ദൈവത്തിൽ നിന്നും അന്യമായി വല്ലതിനോടും പ്രത്യേക പ്രതിപത്തി ഉണ്ടാവീതിരിക്കാൻ സൂക്ഷിക്കണം." ദൈവത്തെ സ്വന്തമാക്കുന്ന ഈ വളർച്ച സഹോദരങ്ങളോടുള്ള എളിയ ശുശ്രൂഷ മനോഭാവത്തിലാണ് നിവർത്തിയാവുക. കാണപ്പെടുന്ന സഹോദരനിലൂടെ കാണപ്പെടാത്ത ദൈവത്തെ സമ്പാദിക്കണമെന്നും ഈ സുവിശേഷം ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുശിഷ്യരായി തീരുവാൻ വിളിക്കപ്പെട്ട നാം പലപ്പോഴും മറന്നുപോകുന്നത് നമ്മെ യഥാർത്ഥ ശിഷ്യരാക്കുന്ന ഘടകങ്ങളെയാണ്. നാം പലപ്പോഴും ലൗകീക നേട്ടങ്ങൾ മാത്രം ആഗ്രഹിക്കുന്നവരാണ്. പഠനത്തിൽ മികവ് പുലർത്തുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ വ്യക്തിത്വത്തിന്റെ മാറ്റ് കൂട്ടുവാൻ പല വിധത്തിലുള്ള കഴിവുകൾ ആർജ്ജിച്ചെടുക്കാൻ നാം നമ്മുടെ സമയത്തെ വിനിയോഗിക്കുന്നു. ലൗകീക ജ്ഞാനമേഖലയിൽ അതികായന്മാരാകുവാനാണ് നാം പലപ്പോഴും ശ്രമിക്കുന്നത്. നമ്മുടെ ജീവിതക്രമവും, രീതികളും അപ്രകാരം ക്രമീകരിക്കുകയും ചെയ്യുന്നു. ആത്മീയ മനുഷ്യരായി വളരേണ്ട നമ്മൾ ലൗകീകരായി വളർന്ന് പോകുന്നു. ഇന്നത്തെ ലോകം സമർപ്പിതരിൽ നിന്നും പ്രതീക്ഷിക്കുന്നത് ആത്മീയ നൈപുണ്യമാണ്. ലോകക്രമത്തിൽ ആവിർഭവിച്ചിരിക്കുന്ന വ്യത്യസ്ഥങ്ങളായ മേഖലകളിലുള്ള നൈപുണ്യമല്ല നാം സ്വന്തമാക്കേണ്ടത്. ഒരു കമ്പ്യൂട്ടർ എക്സ്പേർട്ടോ, കായിക മേഖലകളിൽ തിളക്കമോ, അല്ലെങ്കിൽ അതുപോലുള്ള നിസ്സാരമായ കാര്യങ്ങൾ മാത്രം നേടിയെടുക്കുവാനുള്ള തത്രപാടിലാണ് നാമെങ്കിൽ, നമ്മളും ശിഷ്യന്മാരെപ്പോലെ തീർത്തും സാധാരണമായി ചിന്തിക്കുന്നവരാകും. നമ്മുടെ preference എന്താണെ് മനസ്സിലാക്കുവാൻ നാം ശ്രമിക്കണം. യഥാർത്ഥ ലക്ഷ്യത്തിലേയ്ക്കാണോ നാം നാം പ്രയാണം ചെയ്യുന്നതെന്ന് വിലയിരുത്തുവാൻ ശ്രമിക്കണം. നമ്മുടെ ലക്ഷ്യത്തിൽ നിന്നും നമുക്ക് വ്യതിയാനം സംഭവിച്ചിട്ടുണ്ടെങ്കിൽ, ഒരു തിരിച്ചു വരവിന് നാം തയ്യാറാകണം. തിരുമുഖ ദർശനത്തിന് മാറ്റ് കുറയ്ക്കുന്ന, മറയായി നിൽക്കുന്ന കാസാ തുടച്ച് മാറ്റുക തന്നെവേണം. ഇത് സാധ്യമാകുന്നത് മൂല്യങ്ങൾ മുറുകെ പിടിക്കുമ്പോൾ മാത്രമാണ്. നിയമങ്ങളും ചട്ടങ്ങളും അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പാലിക്കുമ്പോഴാണ്. കൂടുതൽ ആത്മീയരായി വളരുവാൻ നമുക്ക് കഴിയുമെങ്കിൽ ദൈവത്തെ കൂടുതൽ അറിയുവാനും നമുക്കു കഴിയും.

# സെപ്തംബർ 10

# തേജസ്കരണത്തിനു ശേഷം അഞ്ചാം ഞായർ

ലൂക്കാ 18:18–30

ബ്ര. സുജോ കോശി ഒ.ഐ.സി.

**പശ്ചാത്തലം**

ഒരു വ്യക്തിയുടെ ഭൂമിയിലെ അവസാനനാളിൽ തനിക്കു വേണ്ടപ്പെട്ടവരെ അടുത്തു വിളിച്ചു ഉപദേശം നൽകുന്ന പാരമ്പര്യം പഴയനിയമ കാലഘട്ടത്തിൽ നിലനിന്നിരുന്നു (തോബിത്ത് 4 :1–10,ഉൽപ. 49: 1–29). അതുപോലെ, യേശു ജറുസലേമിലേക്കുള്ള അവസാനയാത്രയിൽ ശിഷ്യഗണത്തിനും തന്നെ അനുഗമിച്ചിരുന്നവർക്കും എങ്ങനെ ക്രിസ്തീയ ജീവിതം നയിക്കാം എന്നു ഉപദേശിക്കുന്നു.

**പ്രമേയം**

ഒരു ക്രിസ്തു ശിഷ്യൻ സമ്പത്തിലോ (ലൂക്കാ. 18 :18–30) തന്നിലോ ആശ്രയിക്കാതെ ദൈവത്തിൽ അശ്രയിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തിൽ അവകാശിയാകും. സമ്പത്ത് മനുഷ്യനെ സ്വർഗ്ഗരാജ്യത്തിൽ നിന്ന് അകലെയാക്കും (മത്താ.16:26). എന്നു ക്രിസ്തു ശിഷ്യൻമാരെ പഠിപ്പിക്കുന്നു.

**വിചിന്തനം**

പഴയനിയമ കാലഘട്ടത്തിൽ സമ്പത്ത് ദൈവീക അനുഗ്രഹത്തിന്റെ ബാഹ്യമായ പ്രതീകമായിരുന്നു.

(ഉൽപ. 25:42), (ജോബ് 42–10). സമ്പത്തില്ലാത്ത മനുഷ്യൻ പാപത്തിന്റെയോ ദൈവീക ക്രോധത്തിന്റെയോ പ്രതീകമായ കരുതപ്പെട്ടിരുന്നു. എന്നാൽ പുതിയനിയമത്തിൽ സമ്പത്തിനെ ഒരു കുറവായിട്ടാണ് യേശു ചൂണ്ടിക്കാട്ടുന്നത് (ലൂക്കാ. 18: 18–30), (യോഹ.11). കാരണം സമ്പത്ത് ഒരുവനു ലഭിക്കുക വഴി മറ്റുള്ളവരെ കരുതുവാനുള്ള വലിയ കടമകൂടിയുണ്ട്, ഈ കടമയിൽ നിന്നു ഓടി ഒളിക്കുന്ന വ്യക്തി സ്വർഗ്ഗരാജ്യത്തിൽ നിന്നും അകലെയാണെന്നു യേശു ഉദ്ബോധിപ്പിക്കുന്നു.

**1. നഷ്ടങ്ങളിലൂടെ നേട്ടങ്ങളിലേക്ക്**

ഈ ലോകത്തിൽ എത്രമാത്രം നേടാൻ പറ്റുമോ അത്രമാത്രം നേടാൻ ഒരോ മനുഷ്യനും ആഗ്രഹമുണ്ട്. സമ്പത്ത് ഈ ലോകത്തിൽ ജീവിക്കുവാൻ ആവശ്യമാണ്. പക്ഷേ സമ്പത്തിനു മനുഷ്യന്റെ ജീവിതത്തിൽ വലിയ സ്ഥാനം കൊടുക്കുമ്പോൾ ധനികനായ മനുഷ്യനു സംഭവിച്ചതു സംഭവിക്കാം. എല്ലാം ഉണ്ടായിട്ടും എന്തോ ഒരു കുറവ് തന്റെ ജീവിതത്തിൽ ഉണ്ട് എന്ന തിരിച്ചറിവാണ് ധനികനായ മനുഷ്യനെ യേശുവിന്റെ അടുത്തു വരുത്തുന്നത്. തുടർന്ന് ധനികൻ പറയുകയാണ് "ഞാൻ ചെറുപ്പം മുതലേ കല്പനകൾ പാലിക്കുന്ന വ്യക്തിയാണ്, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം?"(ലൂക്കാ. 18:18). "യേശു പറയുകയാണ്, ഇനിയും നിനക്കു ഒരു കുറവുണ്ട്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക അപ്പോൾ നിനക്കു സ്വർഗ്ഗത്തിൽ

നിക്ഷേപം ഉണ്ടാകും" (ലൂക്കാ. 18:22). ധനികനായ അധികാരിക്ക് ചിന്തിക്കാൻ പോലും പറ്റാത്ത ഒരു കാര്യമാണ ഇത്, കാരണം സമ്പത്ത് അവനെ സംബന്ധിച്ച്, സുരക്ഷിതത്വം, അധികാരം, വ്യക്തിത്വം, സ്ഥാനമാനങ്ങൾ എന്നിവയാണ്. ഉള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കാൻ അവനു മനസ്സില്ല.

ഈ ധനികനു സംഭവിച്ചത് ചിലപ്പോൾ നമുക്കു സംഭവിക്കാം. സമ്പത്ത് എന്നു പറയുമ്പോൾ പണം മാത്രമല്ല, നമ്മുടെ എല്ലാ കഴിവുകളും ദൈവകൃപ നേടാൻ നാം നൽകണം. അതിന് എറ്റവും വലിയ ഉദാഹരണമാണ് അബ്രഹാമിനോട് ദൈവം തന്റെ ഏകജാതനെ ബലിയർപ്പിക്കാൻ പറയുന്നത് (ഉൽപ.22:1–1)അതുപോലെ ശിഷ്യൻമാർ വള്ളവും വലയും ഉപേഷിച്ചാണ് യേശുവിനെ അനുഗമിച്ചത്. (ലൂക്കാ.4:11, 5–28). ലോകത്തിന്റെ ദൃഷ്ടിയിൽ അവരെല്ലാം നഷ്ടപ്പെടുത്തിയവരാണ്. പക്ഷേ ആ നഷ്ടത്തിലൂടെ അവർ ദൈവകൃപ നേടിയവരാണ്.

സമ്പത്ത് കുറെ നേടിയവർക്കു ധനികനായ മനുഷ്യനെപ്പോലെ അതു നഷ്ടപ്പെടുത്താൻ പറ്റില്ലായിരിക്കാം. പക്ഷേ നഷ്ടപ്പെടുത്തുമ്പോൾ മാത്രമേ മറ്റെന്തെങ്കിലും നേടാൻ പറ്റൂ. ഗോതമ്പുമണി നിലത്തുവീണഴിയാതെ ഫലം ഉണ്ടാകുകയില്ല. വി. ഫ്രാൻസിസ് അസ്സീസിയും മദർ തെരേസേയും മാർ ഈവാനിയോസും എല്ലാം നഷ്ടപ്പെടുത്തിയതിലൂടെ വലിയ നേട്ടം ജീവിതത്തിൽ നേടിയെടുത്തവരാണ്. അവരുടെ വിശ്വായത്തിന്റെ ഫലം കണക്കിലെടുത്ത് അവരുടെ പാത നമുക്കു പിന്തുടരാം.

# സെപ്തംബർ 14

# സ്ലീബാപ്പെരുന്നാൾ

യോഹ. 3:13–21

ഡീക്കൻ മനു വർഗ്ഗീസ് ഒ.ഐ.സി.

**പശ്ചാത്തലം**

യേശുവിന്റെ ദേവാലയ ശുദ്ധീകരണത്തിനു ശേഷം യഹൂദ പ്രമാണികളിൽ പലർക്കും യേശുവിൽ ഇടർച്ച തോന്നിയിരുന്നു. ഈ അവസരത്തിൽ ഫരിസേയ പ്രമാണികളിൽ പ്രധാനിയായ നിക്കോദിമോസ് രാത്രിയിൽ യേശുവിന്റെ അടുക്കലേയ്ക്ക് വരുന്നു. നിക്കോദിമോസിന്റെ സംശയങ്ങൾക്ക് യേശു ഉത്തരം നൽകുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗത്തിന്റെ പ്രമേയം.

**പ്രമേയം**

രക്ഷാകര പദ്ധതിയിൽ ലോകത്തിന്റെ രക്ഷ പിതാവായ ദൈവം അവതരിപ്പിച്ചത് തന്റെ ഏകജാതനെ ലോകത്തിന് നൽകി കൊണ്ടായിരുന്നു (യോഹ. 3:16). പുത്രൻ തന്റെ കുരിശു മരണത്തിലൂടെയായിരുന്നു ലോകത്തിന് രക്ഷ നേടി തന്നത്. നിക്കോദേമോസിന് കർത്താവ് വെളിപ്പെടുത്തുന്നതും ഈ സത്യം തന്നെയാണ്. മനുഷ്യ പുത്രൻ ഉയർത്തപ്പെടുന്ന് ലോകത്തിന്റെ രക്ഷയിക്കുവേണ്ടി മാത്രമായിരുന്നു (യോഹ.3:14). അതിലൂടെ ശാപത്തിന്റെ ചിഹ്നമായ കുരിശ് (നിയമ. 21:33) രക്ഷയുടെ ചിഹ്നമായി മാറി (1 കോറി. 1:18–25). സഭ സ്ലീബാപ്പരുന്നാൾ ആചരിക്കുമ്പോൾ മനുഷ്യ രക്ഷയ്ക്കായി ദൈവത്തിന്റെ ജ്ഞാനത്തിൽ ഉരുവാക്കപ്പെട്ട സ്നേഹത്തിന്റെ പദ്ധതിയുടെ ആവിഷ്കാരമായി കർത്താവിന്റെ കുരിശിനെ അവതരിപ്പിക്കുന്നു.

**സന്ദേശം**

മലയാള സാഹിത്യത്തിലെ പ്രശ്സ്ത എഴുത്തുകാരൻ കെ. പി . അപ്പൻ “കുരിശിൽ ചൊരിഞ്ഞ സ്നേഹം” എന്ന ലേഖനത്തിൽ പറയുന്നു, “പൗലോസ് ശ്ലീഹാ മനുഷ്യ ചരിത്രത്തിലേയ്ക്ക്  കണ്ണോടിച്ചു, അതിന്റെ മദ്ധ്യത്തിൽ കണ്ടത് രക്ഷകന്റെ കുരിശായിരുന്നു.” ആരാധന ക്രമത്തിലെ അവസാന കാലഘട്ടത്തിലേയ്ക്ക് നാം പ്രവേശിക്കുന്നു. ഈ കാലയളവിൽ തിരുസഭ രക്ഷയുടെ അടയാളമായ കുരിശിന്റെ രഹസ്യത്തെ ആഴമായി ധ്യാനിക്കുവാനും, കുരിശിൽ കൂടുതൽ അഭയപ്പെടുവാനും നമ്മെ ഓർമ്മിപ്പിക്കുന്നു. ചരിത്രം പരിശോധിക്കുമ്പോൾ നാലാം നൂറ്റാണ്ടിൽ ഹെലേന രാജ്ഞി മുഖാന്തിരം കുരിശ് കണ്ടെത്തിയ ദിവസമാണിന്ന്. കുരിശിൽ ആശ്രയം അർപ്പിച്ചതുമൂലം കുസ്തന്തിനോസ് രാജാവിനു ലഭിച്ച രക്ഷയുടേയും, പ്രത്യാശയുടേയും അനുഭവത്തിലേയ്ക്ക് കടന്നു വരുവാൻ സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. കുരിശ് നൽകുന്നത് പ്രത്യാശയുടെ, രക്ഷയുടെ, സൗഖ്യത്തിന്റെ, ഉയർത്തപ്പെടലിന്റെ സന്ദേശമാണ്. ഇന്നത്തെ സുവിശേഷഭാഗം വിചിന്തനം ചെയ്യുമ്പോൾ വി. കുരിശ് നാല് വ്യത്യസ്ത സന്ദേശത്തിന്റെ അടയാളമായി അവതരിപ്പിക്കപ്പെടുന്നു.

**1. വി. കുരിശ്: രക്ഷയുടെ സന്ദേശം**

രക്ഷാകര പദ്ധതിയിൽ ദൈവസ്നേഹം പരിപൂർണ്ണമായി മനസ്സിലാക്കപ്പെടുന്നത് പുത്രൻ ഉയർത്തപ്പെട്ടതിലൂടെയാണ്. അത്രമാത്രം ലോകത്തെ പിതാവായ ദൈവം സ്നേഹിച്ചു (യോഹ.3:16). മരത്തിൽ തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവനാകുന്നു എന്ന് (നിയമാ. 21:23) വിശ്വസിച്ചിരുന്ന ഒരു ജനസമൂഹത്തിൽ കുരിശു മരണം രക്ഷയുടെ അടയാളമായി മാറ്റുന്നതിന് പിതാവായ ദൈവം പുത്രനിലൂടെ തിരുമനസ്സായി. കുരിശിനെ വണങ്ങുന്ന ഓരോ മനുഷ്യനും ദൈവം നൽകിയ രക്ഷയെയാണ് ധ്യാനിക്കുന്നത്. ആരാധന ക്രമത്തിൽ ദുഖവെള്ളിയുടെ ശുശ്രൂഷയിൽ നാം അത് ഏകമനസ്സോടെ എറ്റുപറയുന്നുണ്ട്. “ഞങ്ങൾക്കതിനാലെ രക്ഷയുണ്ടായി എന്ന സ്ലീബായെ......” (മലങ്കര ആരാധനക്രമം, ദുഃഖവെള്ളി, സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ)

**2. വി. കുരിശ്: പ്രത്യാശയുടെ സന്ദേശം**

കർത്താവിന്റെ കുരിശു മരണം ശിഷ്യഗണത്തിന് നിരാശയാണ് ആദ്യം നൽകിയത്. കുരിശു മരണത്തിലൂടെ യേശു തമ്പുരാന്റെ യുഗം അവസാനിച്ചു എന്നു പോലും യഹൂദർ കരുതി. എന്നാൽ മൂന്നാ ദിവസം അവൻ ഉയിർത്തെഴുന്നേറ്റപ്പോൾ പ്രത്യാശ നഷ്ടപ്പെട്ട ശിഷ്യഗണത്തിന് പുതുജീവൻ ലഭിച്ച അനുഭവമായി. സഭ കുരിശിനെ ദർശിക്കുമ്പോൾ ഈ വലിയ പ്രത്യാശയെയാണ് ആദ്യം ധ്യാനിക്കുന്നത്. ശത്രു (പാപം)വിന്മേൽ വിജയം നേടി ഉയിർത്തെഴുന്നേറ്റ കർത്താവിനെയാണ് വി. കുരിശിൽ നാം ദർശിക്കുന്നത്. അതിനാലാണ് നമ്മുടെ ദേവാലയങ്ങളിൽ ക്രൂശിതരൂപത്തിന് പകരം വി. കുരിശ് മാത്രം പ്രതിഷ്ഠിച്ചിരിക്കുന്നത്. അതിലൂടെ വലിയ പ്രത്യാശ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. വി. കുരിശിലൂടെ ഉയിർപ്പിലുള്ള പ്രത്യാശയും കർത്താവിന്റെ സന്നിധിയിൽ നമുക്ക് വരുവാനിരിക്കുന്ന ലോകത്തിൽ ജീവിക്കാം എന്ന പ്രത്യാശയും നാം ദർശിക്കുന്നു

**3. വി. കുരിശ്: സൗഖ്യത്തിന്റെ സന്ദേശം**

സംഖ്യാ പുസ്തകം 21–ാം അദ്ധ്യായം 1 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ ദൈവത്തിനു നേരെ പിറുപിറുത്ത ജനത്തിന് നേരെ ആഗ്നേയ സർപ്പങ്ങളെ കർത്താവ് അയക്കുന്നു. സർപ്പത്തിന്റെ ദംശനമേറ്റ് കുറെപ്പേർ മരണമടയുന്നു. അവർക്ക് സൗഖ്യത്തിന്റെ സന്ദേശവുമായി മരുഭൂമിയിൽ മോശ പിത്തള സർപ്പത്തെ ഉയർത്തുന്നു. അതിനെ ദർശിച്ചവർ സൗഖ്യം പ്രാപിക്കുന്നു. ഇന്നത്തെ സുവിശേഷഭാഗത്തിലും കർത്താവ് തന്റെ മരണത്തെപ്പറ്റി പറയുന്നതിലും സൗഖ്യത്തിന്റെ സന്ദേശം അടങ്ങിയിരിക്കുന്നു. “മോശ മരുഭൂമിയിൽ പിത്തള സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടകേണ്ടതിന് മുഷ്യപുത്രനും ഉയർത്തപ്പെടണം” (യോഹ.3:14) എന്ന് കർത്താവ് പറയുമ്പോൾ ഇന്ന് രക്ഷയുടേയും പ്രത്യാശയുടേയും അടയാളമായ കുരിശ് സൗഖ്യത്തിന്റേയും അടയാളമായി തീരുന്നു,

**4. വി. കുരിശ്: ഉയർത്തപ്പെടലിന്റെ സന്ദേശം**

ഉയർത്തപ്പെടുക എന്ന വാക്ക് സൂചിപ്പിക്കുന്നതിനു വേണ്ടി സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന പദം hyposthenai (ὑψωθῆναι) എന്നാണ്. Hupsoo (ὑψόω) എന്ന ഗ്രീക്കു

മൂലത്തിൽ നിന്നുത്ഭവിച്ച ഈ പദത്തിന്റെ അർത്ഥം ഉയർത്തെപ്പടുക എന്നാണ്. ഇതിലൂടെ രണ്ട് കാര്യങ്ങൾ സുവിശേഷകൻ ഓർമ്മിപ്പിക്കുന്നു. ഒന്നാമതായി, നിത്യജീവനുവേണ്ടി അവൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. അവന്റെ ഉയർത്തപ്പെടൽ നിത്യജീവനു കാരണമായിത്തീരും. രണ്ടാമതായി, ഈ ഉയർത്തപ്പെടൽ മരണത്തിനു മേലുള്ള വിജയമാണ്. അത് മഹത്വീകരണത്തിന്റെ അടയാളമാണ്. വിശുദ്ധ കുരിശിനെ വണങ്ങുമ്പോൾ ഓരോ ക്രിസ്ത്യാനിയും ഉയർത്തപ്പെടാനാണ് എന്നുള്ള ബോധ്യം അവന്റെ ജീവിതത്തിലുണ്ടാകണം. അതിലൂടെ സ്വർഗ്ഗരാജ്യത്തിൽ ഓരോരുത്തരും മഹത്വപ്പെടും എന്ന സന്ദേശം വി. കുരിശ് നൽകുന്നു.

**ഉപസംഹാരം**

സഭ സ്ലീബാ പെരുന്നാൾ ആചരിക്കുമ്പോൾ വി. കുരിശിലൂടെ നമുക്കു നൽകപ്പെട്ട രക്ഷയും പ്രത്യാശയും, സൗഖ്യവും നമുക്ക് സംലഭ്യമാകട്ടെ എന്നു പ്രത്യാശിക്കാം. വി. കുരിശാൽ കോപം ശമിക്കുന്നതിനും, ലോകത്തിൽ സമാധാനം ഉണ്ടാകുന്നതിനും, കോപിച്ചിരിക്കുന്നവർ ശാന്തരാകുന്നതിനും, ശത്രുത നീക്കിക്കളയുന്നതിനും, പള്ളികളുടേയും ആശ്രമങ്ങളുടേയും ഉയർപ്പിനും, വൃദ്ധജനങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, പുരോഹിതന്മാർ ശ്രേഷ്ഠരാകുന്നതിനും, ശെമ്മാശന്മാർ പ്രശോഭിക്കുന്നതിനും, യുവജനങ്ങൾ പരിപാകതയുള്ളവരാകുന്നതിനും, ബാലികാബാലന്മാർ സംരക്ഷിക്കപ്പെടുന്നതിനും പാപികൾ പുണ്യപ്പെടുന്നതിനും (മലങ്കര ആരാധനക്രമം, സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ, സെദറ) ഇടയാകുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

# സെപ്റ്റംബർ 17

# സ്ലീബായ്ക്കുശേഷം ഒന്നാം ഞായർ;

മർക്കോ 13:28–37

ബ്ര. ടെന്നി മാത്യു ഒ.ഐ.സി.

**പശ്ചാത്തലം**

13 ാം അദ്ധ്യായത്തിനു വിരാമം കുറിക്കുന്ന വചനഭാഗങ്ങളാണിവ. അവസാനവിധിയെപ്പറ്റിയുള്ള യേശുവിന്റെ പ്രബോധനമാണ് ഇവിടെ വിവരിക്കുന്നത്. യേശുവിന്റെ പീഢാനുഭവത്തെപ്പറ്റിയുള്ള ഒരു പ്രവചനവും ഇവിടെ കാണാം. അത്തിമരത്തിന്റെ ഉപമയിലൂടെയാണ് ഇവ വിവരിക്കപ്പെടുന്നത്.

**പ്രമേയം**

രണ്ടാം വരവുത്തന്നെയാണു മുഖ്യപ്രമേയം. മനുഷ്യപുത്രന്റെ ആഗമനത്തിനുവേണ്ടി ഒരുക്കമുള്ളവരായിരിക്കുവാൻ കാലത്തിന്റെ അടയാളങ്ങൾ ദൈവം തരുന്ന സന്ദേശങ്ങളായിക്കണ്ടുകൊണ്ടു ജീവിതത്തെ നവീകരിക്കുവാൻ ഈ വചനഭാഗം നമ്മോട് ആവശ്യപ്പെടുന്നു.

**സന്ദേശം**

അവസാനവിധിയെപ്പറ്റിയുള്ള യേശുവിന്റെ പഠിപ്പിക്കലുകളിൽ നാം കണ്ടുമുട്ടുക ദൈവരാജ്യത്തെപ്പറ്റിയുള്ള പഠിപ്പിക്കലിന്റെയും പ്രബോധനങ്ങളുടെയും സംക്ഷിപ്ത രൂപമാണ്. ഈ വചനഭാഗം രണ്ടു സന്ദേശങ്ങളാണു പകർന്നുതരിക.

1. ഒരുക്കമുള്ളവരായിരിക്കുക
2. പ്രതീക്ഷ കൈവിടാതിരിക്കുക

**1. ഒരുക്കമുള്ളവരായിരിക്കുക**

ജാഗ്രതാ ഒരുക്കം ദൈവരാജ്യപ്രവേശനത്തിന് ഒരുവനെ തയ്യാറാക്കുന്നു. വി. ലൂക്കോസ് അത് എങ്ങനെയാകണമെന്നു പറഞ്ഞു വയ്ക്കുന്നു. "നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ". പഴയ നിയമത്തിൽ പുറപ്പാടുപുസ്തകം 19 ാം അദ്ധ്യായം 11 ഉം 15 ഉം വാക്യങ്ങളിൽ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിക്കപ്പെട്ടു സീനായി മലയുടെ താഴ്‌വാരത്തിൽ എത്തിച്ചേർന്ന ഇസ്രായേൽ ജനത്തോടു മോശയിലൂടെ ദൈവം അരുളിച്ചെയ്യുന്നു "മൂന്നാം ദിവസത്തേക്കു നിങ്ങൾ ഒരുങ്ങിയിരിക്കുവിൻ. എന്തെന്നാൽ കർത്താവു സീനായി മലയിൽനിന്നു ഇറങ്ങിവന്നു നിങ്ങളെ ദർശിക്കും". പുതിയ നിയമ ഗ്രന്ഥത്തിൽ വി. മത്തായിയുടെ സുവിശേഷത്തിൽ 25 ാം അദ്ധ്യായം 1 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ മണവാളൻ വരാൻ വൈകുമ്പോഴും ഒരുക്കമുള്ളവരായിരുന്നു സ്വർഗ്ഗരാജ്യം സ്വന്തമാക്കുന്ന വിവേകികളായ കന്യകമാരെക്കുറിച്ചു നാം വായിക്കുന്നുണ്ട്. അങ്ങനെ സദാ ഒരുക്കമുള്ളവരായി ജീവിക്കുമ്പോഴാണു ജീവിതം നവീകരിക്കപ്പെടുന്നത്. ഈ ആത്മീയ ഒരുക്കം നിത്യജീവന്റെ അനുഭവത്തിലേക്കു നമ്മെ കൈപിടിച്ചു നടത്തുന്നു. മാമോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നമുക്കു നവീകരിക്കപ്പെട്ട ജീവിതത്തിന്റെ ഉടമകളാകാം.

**2. പ്രതീക്ഷ കൈവിടാതിരിക്കുക**

പ്രതീക്ഷ മനുഷ്യജീവിതത്തിന്റെ അടിസ്ഥാന മനോഭാവങ്ങളിൽ ഒന്നാണ്. വിശുദ്ധ ബൈബിൾ പ്രത്യാശയുടെ അനുഭവങ്ങളിലേക്കു കടന്നുവന്ന ഒത്തിരി യാഥാർത്ഥ്യങ്ങൾ പകർന്നു തരുന്നുണ്ട്. പാപം ചെയ്ത ആദിമാതാപിതാക്കൾക്കു പ്രത്യാശയുടെ കിരണമായി രക്ഷകനെ വാഗ്ദാനം ചെയ്തുകൊണ്ടു പ്രതീക്ഷ നൽകുന്ന ദൈവത്തെ കാണാൻ സാധിക്കും. ഉൽപത്തിപ്പുസ്തകം 22 ാം അദ്ധ്യായത്തിൽ തന്റെ ഏകജാതനെ ബലിയർപ്പിക്കുവാൻ സന്നദ്ധനാകുന്ന അബ്രഹാമിന്റെ ജീവിതത്തിലൂടെ കടന്നുപോകുമ്പോഴും ദൈവത്തിന്റെ വാഗ്ദാനത്തിലുള്ള അബ്രഹാത്തിന്റെ പരിപൂർണ്ണ പ്രത്യാശയാണ് വരച്ചുകാട്ടുന്നത്. സഭ പ്രത്യാശയെ നിർവ്വചിക്കുക നന്മയായിട്ടുള്ള ഒന്നിനുവേണ്ടിയുള്ള കാത്തിരിപ്പ് എന്നാണ്. ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസം അർപ്പിച്ചും സ്വർഗ്ഗരാജ്യത്തിലും നിത്യജീവനിലും പ്രത്യായർപ്പിച്ചുമുള്ള കാത്തിരിപ്പു ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാന ഘടകമാണ്. പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനം 12:12 ൽ പറയുന്നു പ്രത്യാശയിൽ സന്തോഷിക്കുവിൻ എന്ന്. എലിസബേത്ത് സഖറിയാ ദമ്പതികളുടെ ജീവിതം ഇതിന് ഉത്തമ ഉദാഹരണമാണ്. ദൈവത്തിൽ പ്രതീക്ഷയർപ്പിച്ചു പ്രത്യാശയോടെ കാത്തിരുന്നതുകൊണ്ടു ദൈവം അവരെ അനുഗ്രഹിക്കുന്നു.

ഈ ലോക ജീവിതത്തിന്റെ ചുറ്റുപാടുകളിൽമാത്രം ഒതുങ്ങിനിൽക്കാതെ ദൈവരാജ്യത്തെ ലക്ഷ്യമാക്കി ഒരുക്കമുള്ളവരായി, പ്രതീക്ഷയുള്ളവരായി ജീവിക്കുവാൻ ഈ സുവിശേഷഭാഗം നമ്മോട് ആവശ്യപ്പെടുന്നു. പ്രത്യാശയുടെ അഭാവത്തിൽ നിരാശയുടെ മൂടുപടം ജീവിതത്തെ മൂടുകയും തന്നിൽനിന്നും ദൈവത്തിൽനിന്നും സഹോദരരിൽനിന്നും അവ നമ്മെ അകറ്റുകയും ചെയ്യുമെന്ന മുന്നറിയിപ്പും ഇവിടെ പ്രതിധ്വനിക്കുന്നുണ്ട്. കാത്തിരിപ്പും അതിൽനിന്നുണ്ടാകുന്ന പ്രത്യാശയുടെ അനുഭവവും ആത്മ സമർപ്പണത്തിന്റെ ഭാഗമാണ്. അവനുവേണ്ടി നമുക്കു കാത്തിരിക്കാം. അവനുവേണ്ടി നമുക്കു ഉണർന്നിരിക്കാം.

# സെപ്റ്റംബർ 24

# സ്ലീബായ്ക്കുശേഷം രണ്ടാം ഞായർ

ലൂക്കാ 16:19–31

ഡീക്കൻ മൈക്കിൾ ഒ.ഐ.സി.

**ആമുഖം**

മലങ്കര ആരാധനാക്രമത്തിലെ അവസാന കാലയളവായ സ്ലീബാക്കാലം ക്രിസ്തീയജീവിതത്തിന്റെ ലക്ഷ്യമായ നിത്യജീവനിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റിയാണു നമ്മെ ഓർമ്മപ്പെടുത്തുന്നത്. ദൈവമനുഷ്യസ്നേഹത്തിന്റെ അടയാളമായ വി. കുരിശിന്റെ ജീവിതത്തിലൂടെ ഈ ലക്ഷ്യം എപ്രകാരമാണു സ്വാംശീകരിക്കുവാൻ സാധിക്കുന്നത് എന്നു ധനവാന്റേയും ലാസറിന്റേയും ഉപമയിലൂടെ (ലൂക്കാ 16:19–31) നമ്മെ ഓർമ്മപ്പെടുത്തുന്നു.

**പശ്ചാത്തലം**

യേശുവിന്റെ ജറുസലേം യാത്രാ(ലൂക്ക.9–19) മദ്ധ്യേ യേശു തന്റെ ശിഷ്യന്മാരെ ധനത്തോടുള്ള ആസക്തയെപ്പറ്റിയും അതു നയിക്കുന്ന അപകട സാധ്യതകളെക്കുറിച്ചും ഓർമ്മപ്പെടുത്തന്നു(ലൂക്ക10:4,11:41,14:33). മാത്രമല്ല, ദൈവരാജ്യത്തിന്റെ അടിസ്ഥാനം പാവപ്പെട്ടവരോടും നിരാലംബരോടുമുള്ള പക്ഷം ചേരലാകുന്നുവെന്നും യേശു പഠിപ്പിക്കുന്നു. ലൂക്കാ 14,15 അദ്ധ്യായങ്ങളിൽ പാവങ്ങളോടു പക്ഷം ചേരുന്ന യേശുവിന്റെ മനോഭാവം പ്രകടമാണ്. 16–ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു ധനം എപ്രകാരം നന്മയ്ക്കായി ഉപയോഗിക്കാമെന്നു പഠിപ്പിക്കുമ്പോൾ അതേ അദ്ധ്യായത്തിന്റെ അവസാനഭാഗത്തു ധനം എപ്രകാരം ഉപയോഗിച്ചുകൂടാ എന്നും പഠിപ്പിക്കുന്നു.

**പ്രമേയം**

ധനവാന്റേയും ലാസറിന്റേയും ഉപമയിലൂടെ പാവപ്പെട്ട സഹോദരനോടുള്ള നമ്മുടെ നിർലോഭമായ കാരുണ്യം എപ്രകാരമായിരിക്കണമെന്നു വചനം നമുക്കു വെളിപ്പെടുത്തിത്തരുന്നു. ക്രിസ്തീയ സനേഹം പങ്കുവയ്ക്കുന്നതിലാണു പ്രകടമാകുന്നത്. സുവിശേഷത്തിൽനിന്നു ലഭിക്കുന്ന ഈ ആനന്ദം പങ്കുവയ്ക്കുമ്പോഴാണു സജീവമാകുന്നത്.

**സന്ദേശം**

ഇന്നത്തെ സുവിശേഷഭാഗത്തിലെ രണ്ടു കഥാപാത്രങ്ങളെയും, അവരുടെ അവസ്ഥയെയും മനസ്സിലാക്കാം. ഓരോ കഥാപാത്രവും നമുക്കു രണ്ടു വ്യത്യസ്ഥങ്ങളായ സന്ദേശങ്ങൾ പകർന്നു നല്കുന്നു.

**1. ധനവാൻ: ധനം നമ്മെ അന്ധരാക്കാതിരിക്കട്ടെ!**

ധനവാൻ എന്തുകൊണ്ടു ശിക്ഷിക്കപ്പെട്ടു, എന്ന ചോദ്യം വളരെ പ്രസക്തമാണ്. ധനവാൻ തന്റെ പടിവാതിൽക്കൽ കിടന്ന ആ ദരിദ്രനായ ലാസറിനെ കാണാതെ പോയതായിരിക്കാം അതിനു കാരണം. പടിവാതിൽ എന്നാൽ ഒരുവൻ കയറയിറങ്ങിപ്പോകുന്ന സ്ഥലമാണ്. മറ്റൊരു വാക്യത്തിൽ പറഞ്ഞാൽ ധനവാന്റെ ഏറ്റവും അടുത്ത അയൽക്കാരൻ. എന്നാൽ ഇത്രയും അടുത്തു വസിച്ചിട്ടും ഇത്രയധികം വേദനയനുഭവിച്ചിട്ടും ദരിദ്രനായ ലാസറിനെ കാണുവാൻ സാധിക്കാത്തവണ്ണം

അവന്റെ കണ്ണുകൾ മൂടപ്പെട്ടിരുന്നു. ധനസുഖം അവന്റെ ജീവിതത്തെ അടക്കിഭരിച്ചിരുന്നു. അതിനാലാണു സുവിശേഷത്തിൽ നാം വായിക്കുക "അവൻ ചുവന്ന പട്ടും മൃദുല വസ്ത്രങ്ങൾ ധരിക്കുകയും എന്നും സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തിരുന്നു."(ലൂക്ക.16:19) ധനവാന്റെ ഈയൊരു അന്ധത അല്ലെങ്കിൽ നിസ്സംഗതയാണ് ധനവാനും ലാസറിനും ഇടയിൽ ഗർത്തം സൃഷ്ടിച്ചത്. ദൈവം പടിവാതിൽ വരെ കൂട്ടി നിർത്തിയവരാണു ധനവാനും ലാസറും. എന്നാൽ, അയാൾ ലാസറിനോടു തന്റെ "മേശയിൽ നിന്നു വീണിരുന്നവകൊണ്ടു വിശപ്പടക്കാൻ"(V.21)പോലുമുള്ള ദാക്ഷണ്യം കാണിച്ചില്ല. ഈ അവഗണനയാണു പിന്നീട്, അബ്രഹാമിന്റെ മടിയിൽ വിശ്രമിക്കുന്ന ലാസറുമായി ഒരിക്കലും ചേരാൻ സാധിക്കാത്ത വലിയ ഗർത്തമായി മാറിയത്. ധനമോഹത്തിൽ നിന്നുടലെടുക്കുന്ന ഈ അന്ധതയാണു നിസ്സംഗതയിലേക്കും പിന്നീട് നരകാഗ്നിയിലേക്കും നമ്മെ കൊണ്ടെത്തിക്കുന്നത്. ആധുനികലോകം ഉപഭോഗസംസ്കാരത്തിന്റെ വലയിൽപ്പെടുമ്പോൾ നാമും ലാഭത്തിനു വേണ്ടി, മത്സരബുദ്ധിയോടെ എല്ലാം സ്വന്തമാക്കാനുള്ള അഭിവാഞ്ഛയോടെ മുന്നോട്ടു നീങ്ങുമ്പോൾ നമ്മുടെ സഹോദരങ്ങളും അയൽക്കാരും ഈ പ്രകൃതിയും എല്ലാം നമ്മുടെ സ്ഥാനമാനങ്ങൾക്കുള്ള ഒരു ചവിട്ടുപടിയായി ഒതുങ്ങിപ്പോകുന്നു. അപരനിലെ നന്മ കാണാനും അവനെ സ്നേഹിക്കുവാനും സഹായിക്കുവാനും സാധിക്കുമ്പോൾ മാത്രമാണു നാം യഥാർത്ഥ ക്രിസ്തുശിഷ്യരാകുന്നത്/നിത്യരക്ഷ അനുഭവിക്കുന്നത്. തിരസ്കരിക്കപ്പെട്ടവരിൽ യേശുവിനെ കാണുവാൻ നമുക്കു സാധിക്കണം. "ഈ ചെറിയവരിൽ ഒരുവനു ഇതെല്ലാം ചെയ്തപ്പോൾ, എനിക്കു തന്നെയാണ് ഇത് ചെയ്തത്"(മത്താ.25:45) എന്ന കർതൃവചനം നമുക്കോർക്കാം. മദർ തെരേസ തന്റെ ജീവിതത്തിൽ നിന്നു സാക്ഷ്യപ്പെടുത്തുന്നു. പാവങ്ങളെയും നിരാലംബരെയും സഹായിക്കാൻ ദൈവത്തിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു.

**2. ലാസർ: ആത്മാവിൽ ദരിദ്രർ ഭാഗ്യവാൻമാർ**

ഈ ഉപമയിലെ ഒരു പ്രത്യേകത ദരിദ്രനായ ലാസർ എന്നു ദൈവം പ്രത്യേകം പേരെടുത്തു പറയുന്നതാണ്. മറ്റൊരു ഉപമയിലൊന്നിൽ പോലും യേശു ആരുടെയും പേരെടുത്തു പരാമർശിക്കുന്നില്ല. ഒരു ധനവാനെന്ന് യേശു ഒരു വശത്തു വിളിക്കുമ്പോൾ വളരെ പ്രത്യേകതയോടെ ഈ ദരിദ്രനു ലാസർ എന്നു പേരു നല്കുന്നു. ഇത് ആ വ്യക്തിയുടെ സവിശേഷമായ വ്യക്തിത്വത്തിനുള്ള അംഗീകാരമായി വേണം മനസ്സിലാക്കാൻ. ലാസർ എന്ന ഹെബ്രായ പദത്തിന്റെ അർത്ഥം തന്നെ ദൈവത്തിൽ ആശ്രയിക്കുന്നവൻ എന്നാണ്. ലാസറനെ ഇവിടെ പരമദരിദ്രനായിട്ടാണു ചിത്രീകരിക്കുന്നത്. എന്തെന്നാൽ, വചനം പറയുന്നു: വേദനയും ദാരിദ്ര്യവും ആജീവനാന്തം അവനു കൂട്ടായിരുന്നു. (ലൂക്ക. 16:21) ഈ ദാരുണമായ അവസ്ഥയിൽ പോലും ഒരിക്കലും അവൻ ദൈവത്തോടു മറുതലിക്കുന്നില്ല. നീതിമാനായ ജോബിനെയും കൃപാപൂർണ്ണയായ മറിയത്തെയും പോലെ, എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്നു. ഇവിടെ ലാസറിന്റെ ഭൗതികദാരിദ്ര്യത്തെക്കാളുപരി, ആത്മാവിന്റെ ലാളിത്യവും സമ്പൂർണ്ണ ദൈവാശ്രയബോധവുമാണു നാം മാതൃകയാക്കേണ്ടത്. ഇതുതന്നെയാണു ആത്മാവിന്റെ ദാരിദ്യം(മത്താ.5:3). ലാസറിനു സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്കു എത്തിച്ചേർത്തത് ഈ ആത്മീയ ദാരിദ്ര്യമാണ്. പ്രത്യാശയുടെ പ്രതീകമായ ലാസർ ആത്മാരൂപിയുടെ ദാരിദ്ര്യത്തിലൂടെ സ്വർഗ്ഗഭാഗ്യം എങ്ങനെ നേടാമെന്നു നമുക്കു കാണിച്ചു തരുന്നു. സ്വർഗ്ഗരാജ്യത്തിൽ ആയിരിക്കുമ്പോൾ പോലും

ധനവാനെ മുൻവിധികളോടെ കാണാതെ ഒന്നും ഉരിയാടാതെ നില്ക്കുന്ന ലാസറിനെയാണു അബ്രഹാമിന്റെ മടിയിൽനാം കാണുന്നത്. സ്ലീബാക്കാലം ഇതുപോലെ ദൈവാശ്രയബോധത്തോടെ ജീവിക്കുവാനും എളിമയുള്ളവരായിരിക്കുവാനും നമ്മെ ആഹ്വാനം ചെയ്യുന്നു.

## ഉപസംഹാരം

ധനവാനും ലാസറും രണ്ടു കഥാപാത്രങ്ങൾ എന്നതിനേക്കാളുപരി, രണ്ടു മനോഭാവങ്ങളെയാണു സൂചിപ്പിക്കുന്നത്. ധനം അതിൽതന്നെ ഒരു തിന്മയല്ല, പിന്നെയോ അതിനോടുള്ള നമ്മുടെ സമീപനമാണ് അതിനെ നന്മയും തിന്മയുമാക്കി മാറ്റുന്നത്. യേശുവിന്റെ പഠിപ്പിക്കലുകൾ ഫരിസേയർക്കു ഗ്രഹിക്കുവാൻ സാധിക്കാതെ വന്നതിനു കാരണം തന്നെ അവരുടെ കണ്ണുകളെ ധനം അന്ധമാക്കിയിരുന്നു എന്നതായിരുന്നു(ലൂക്ക16:14). ഈ ഉപമ ഫരിസേയരെപ്പോലെ ഇത്തരത്തിലുള്ള മനോഭാവം വച്ചു പുലർത്തുന്നവരോടുള്ള ശക്തമായ താക്കീതാണ്. ധനം എന്നതു ശുശ്രൂഷിക്കാനുള്ള നമ്മുടെ സാധ്യതയായിട്ടു വേണം നാം കാണാൻ. ഇങ്ങനെ മറ്റുള്ളവരുടെ നന്മയ്ക്കായി നാം പ്രവർത്തിക്കുമ്പോൾ സ്വർഗ്ഗരാജ്യം നമുക്കും സ്വായത്തമാക്കാൻ സാധിക്കും. പരി.ഫ്രാൻസിസ് മാർപ്പാപ്പാ ഈ സന്ദേശം ഉൾക്കൊണ്ടു കൊണ്ടാണ് ഇപ്രകാരം പറഞ്ഞത്: "സഭയുടെ വിളി ദരിദ്ര്യയായിരിക്കുവാനും ദരിദ്രർക്കു വേണ്ടി ആയിരിക്കുവാനും ആണ്."